മണ്ണിലെ ഈർപ്പം വർദ്ധിപ്പിക്കുന്നതിനും ഭൂഗർഭജലവിതാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) തുടങ്ങിയവയും ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ പദ്ധതികൾ ആവിഷ്കരിക്കുകയും സാമ്പത്തിക വർഷത്തിലെ ആദ്യമാസമായ ഏപ്രിൽ മാസം തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

20 (*140) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പിന്തുണ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം യഥാസമയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്. സംസ്ഥാനത്ത്, എല്ലാ ജില്ലകളിലേയും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തുന്നതിനായി വിദഗ്ധ ഏജൻസികളെ സർക്കാർ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനങ്ങൾ പഠന റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്കും ശിപാർശകൾക്കും അനുസൃതമായി പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ, കേന്ദ്ര പിന്തുണ പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലി, നിലവിൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണ പദ്ധതി

21 (*141) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് 1-1-2013 മുതൽ പച്ചത്തേങ്ങ സംഭരണ പദ്ധതി നിലവിലുണ്ട്.

(ബി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽനിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലെ തെരഞ്ഞെടുത്ത

LIBRARY ARCHIVES Kerala Legislative Assembly